വിനോദസഞ്ചാര വികസനത്തിന് പദ്ധതികൾ

5 [983] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വരും വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിനോദസഞ്ചാര വികസന പദ്ധതികൾ എവിടെയെല്ലാമാണെന്നും ഓരോന്നിനും എത്ര തുകയാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) പദ്ധതി നടപ്പാക്കൽ പൂർണ്ണമായും സർക്കാർ മേഖലയിലാണോ അതോ സ്വകാര്യ പങ്കാളിത്തത്തോടെയാണോ എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെയാണെങ്കിൽ ഏതെല്ലാം പദ്ധതികൾ ഏതെല്ലാം ഏജൻസിയുമായി ചേർന്നാണ് നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ പങ്കാളിത്തത്തിന് തെരഞ്ഞെടുക്കുന്ന മാനദണ്ഡം അറിയിക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഓരോ പ്രോജക്ടിനും വേണ്ടിവരുന്ന തുക കൃത്യമായി കണക്കാക്കി വരുന്നതേയുള്ളൂ.

(ബി) സർക്കാർ മേഖലയിലും, സർക്കാർ-സ്വകാര്യ സംയുക്ത മേഖലയിലും ആയിട്ടായിരിക്കും പുതിയ പദ്ധതികൾ നടപ്പിലാക്കുക.

(സി ആന്റ് ഡി) പദ്ധതികൾ രൂപീകരിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ നടപ്പാക്കുന്ന ഏജൻസികളെ സംബന്ധിച്ചും സ്വകാര്യ പങ്കാളിത്തത്തിന് തെരഞ്ഞെടുക്കുന്ന മാനദണ്ഡം സംബന്ധിച്ചും അന്തിമ തീരുമാനമായിട്ടില്ല. സുതാര്യമായ നടപടിക്രമങ്ങളിലൂടെ മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കുകയുള്ളൂ.

ചാർട്ടേർഡ് ഫ്ളൈറ്റുകളിലും നൗകകളിലും എത്തുന്ന ടൂറിസ്റ്റുകളെ പ്രോൽസാഹിപ്പിക്കാൻ നടപടി

6 [984] ശ്രീ. സി. പി. മുഹമ്മദ്:
" വർക്കല കഹാർ:
" ഇ. എം. അഗസ്തി:
" ജോർജ് ജെ. മാത്യു:
" കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം സീസൺ എപ്പോഴാണ്;

(ബി) കഴിഞ്ഞ ടൂറിസം സീസണിൽ എത്ര ചാർട്ടേർഡ് ഫ്ളൈറ്റുകളും വിദേശ വിനോദസഞ്ചാരികൾ മാത്രമുള്ള വിനോദസഞ്ചാര നൗകകളും സംസ്ഥാനത്തെത്തിയിട്ടുണ്ട്;

(സി) ചാർട്ടേർഡ് ഫ്ളൈറ്റുകളിലും വിനോദസഞ്ചാര നൗകകളിലും എത്തുന്നത് പ്രോൽസാഹിപ്പിക്കാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തുവരുന്നു;

(ഡി) ടൂർ ഓപ്പറേറ്റർമാരും ഗവൺമെന്റും വിനോദസഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി സഹകരിച്ച് പ്രവർത്തിക്കാറുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വിശദീകരിക്കുമോ;

(എഫ്) വിദേശ വിനോദസഞ്ചാരികൾ നടത്തുന്ന ഷോപ്പിംഗുകൾക്ക് പ്രത്യേക കിഴിവുകളും പ്രോൽസാഹനങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം സീസൺ ഒക്ടോബർ മുതൽ മേയ് വരെയാണ്.

(ബി) കഴിഞ്ഞ ടൂറിസം സീസണിൽ (ഒക്ടോബർ 3 മുതൽ ഡിസംബർ 3 വരെ) 22 ചാർട്ടേർഡ് ഫ്ളൈറ്റുകൾ കേരളത്തിലെത്തിയിട്ടുണ്ട്. വിനോദസഞ്ചാരികളുമായി എത്തിയ ചാർട്ടേർഡ് നൗകകളുടെ എണ്ണം ലഭ്യമല്ല.

(സി) ചാർട്ടേർഡ് ഫ്ളൈറ്റുകൾ പ്രോൽസാഹിപ്പിക്കുന്നതിനായി ഇപ്പോൾ വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിക്കുന്നില്ല. സംസ്ഥാനത്തിന്റെ മാറിയ ടൂറിസം നയത്തിന്റെ ഭാഗമായി സ്വതന്ത്ര ടൂറിസ്റ്റുകളേയും ഉയർന്ന വിനിമയ ശേഷിയുള്ള വിഭാഗങ്ങളിലുള്ള വിനോദസഞ്ചാരികളേയുമാണ് കൂടുതലായി ലക്ഷ്യമിടുന്നത്.

(ഡി ആന്റ് ഇ) ഉണ്ട്. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും നടക്കുന്ന വിവിധ വിനോദസഞ്ചാരമേളകളിൽ സംസ്ഥാനത്തുനിന്നുള്ള പരമാവധി ടൂർ ഓപ്പറേറ്റർമാരെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പങ്കെടുപ്പിക്കാറുണ്ട്. തന്നെയുമല്ല വകുപ്പ് അന്തരാഷ്ട്രതലത്തിലും ദേശീയ തലത്തിലും നടത്തുന്ന റോഡ് ഷോകളിലും താൽപ്പര്യമുള്ള മുഴുവൻ ടൂർ ഓപ്പറേറ്റർമാരെയും ഉൾപ്പെടുത്താറുണ്ട്. കൂടാതെ സംസ്ഥാനത്ത് വകുപ്പ് നടത്തുന്ന കേരള ട്രാവൽമാർട്ട്, മിസ്റ്റിക്സ് ഓഫ് മലബാർ തുടങ്ങിയ എല്ലാ മേളകളിലും അവരുടെ സജീവസാന്നിധ്യം ഉറപ്പുവരുത്തുന്നുണ്ട്.

(എഫ്) ഷോപ്പിംഗ് ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം സ്വർണ്ണോൽസവം എന്ന പേരിൽ കേരളത്തിലെ മുഴുവൻ സ്വർണ്ണവ്യാപാരികളുടേയും സജീവ സഹകരണത്തോടെ ഒരു പരിപാടി ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ടി മേള ഈ വർഷവും നടത്തുന്നതിനുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു. ഇതുപോലുള്ള ഷോപ്പിംഗ് പ്രോൽസാഹിപ്പിക്കുന്ന പരിപാടികൾ മേലിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളും, ടൂറിസ്റ്റുകളും

7 [985] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് സന്ദർശനം നടത്തിയെന്നും ഇതിലേറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) വിദേശത്ത് നിന്ന് എത്തുന്ന ടൂറിസ്റ്റുകൾ ഏതെങ്കിലും തരത്തിലുള്ള ആക്രമണങ്ങൾക്കോ ഉപദ്രവങ്ങൾക്കോ പീഡനങ്ങൾക്കോ വിധേയരായിട്ടുള്ള സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly